9-ാം വർഷം
2026
മെയ് 10, ഞായർ
ഉയിർപ്പ് ആറാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



ഉത്പ 9:8-17, റോമ 8:1-11, യോഹ 5:19-29

ചാനൽ ഇന്റർവ്യൂ നടക്കുകയാണ്. അവതാരകൻ 13 വയസ്സുകാരനായ സ്കൂൾ വിദ്യാർത്ഥിയോട് ചോദിക്കുകയാണ്, നിനക്ക് ഈ അറിവും പാണ്ഡിത്യവും ഒക്കെ എവിടുന്നു കിട്ടി? കാരണം ഈ 13 കാരൻ ഇന്ന് ആർട്ടിഫിഷൽ ഇന്റലിജൻസിനെ കുറിച്ച് വിദേശ സർവകലാശാലയിലെ പ്രൊഫസർമാർക്ക് ഓൺലൈനായി ക്ലാസ് എടുക്കുകയാണ്. ഈ അറിവും കഴിവും ഒക്കെ എവിടുന്ന് കിട്ടി എന്ന് ചോദിച്ചപ്പോൾ അവൻ ഒരു പുഞ്ചിരിയോടുകൂടി തന്റെ കഴുത്തിൽ കിടന്ന കൊന്തയിലെ ക്രൂശിത രൂപത്തെ ചേർത്തുപിടിച്ചു.

നാട്ടുകാർ ചോദിക്കുന്നു, ഇവൻ ആ ഓട്ടോക്കാരന്റെ മകനല്ലേ, ഇവന് എങ്ങനെയാണ് വിദേശ യൂണിവേഴ്സിറ്റികളിൽ ക്ലാസ് എടുക്കാൻ സാധിക്കുക? ഇന്ന് നമ്മൾ വർത്തമാധ്യമങ്ങളിലൂടെ കണ്ടതും കേട്ടതുമായ ഒരു സംഭവം.

2000 വർഷങ്ങൾക്കു മുമ്പ് ഈശോ സിനഗോഗിൽ പ്രവേശിച്ച് ഏശയ്യ പ്രവാചകന്റെ പുസ്തകം വായിച്ചശേഷം വളരെ ആധികാരികമായി, വളരെ പാണ്ഡിത്യത്തോടെ, നിങ്ങൾ കേട്ടിരിക്കെ ഇതെല്ലാം സംഭവിച്ചിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അവിടെ കൂടിയിരുന്ന പുരോഹിതരും ജനപ്രമാണികളും ഒക്കെ അവന്റെ വചനം കേട്ട് സ്തബ്ധരായി പരസ്പരം പറഞ്ഞു, ഇവന് ഇത്രയും പാണ്ഡിത്യം എവിടുന്നു കിട്ടി, ഇവൻ ആ തച്ചന്റെ മകനല്ലേ? അവിടെ യേശു, തച്ചന്റെ മകനല്ലേ എന്ന ചോദ്യത്തിന് ചെവി കൊടുത്തതായിട്ടോ മറുപടി പറഞ്ഞതായിട്ടോ സുവിശേഷത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. യേശുവിന്റെ പ്രബോധനങ്ങളിലും അത്ഭുതങ്ങളിലും, അടയാളങ്ങളിലും, നിലവിൽ നിലനിന്ന പാരമ്പര്യങ്ങൾക്കും നിയമങ്ങൾക്കും എതിരെ ശബ്ദം ഉയർത്തിയപ്പോഴും ജനം സംശയിച്ചത് ഒരു തച്ചന്റെ മകന് എങ്ങനെ ഇങ്ങനെയൊക്കെ പ്രവർത്തിക്കാൻ കഴിയുന്നു എന്നാണ്.

യോഹന്നാന്റെ സുവിശേഷം പറയുന്നു, മനുഷ്യനെ പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല, കാരണം മനുഷ്യനുള്ളത് എന്താണെന്ന് വ്യക്തമായി അവൻ അറിഞ്ഞിരുന്നു.

മറഞ്ഞിരിക്കുന്നവൻ..

യേശു തെരഞ്ഞെടുത്ത 12 ശിഷ്യന്മാരും സാധാരണ തൊഴിലിൽ ഏർപ്പെട്ടിരുന്ന



മിനി പോൾ

സാധാരണക്കാർ മാത്രമായിരുന്നു. യേശു വിളിച്ചു. ആ വിളി കേട്ട്, എല്ലാം ഉപേക്ഷിച്ച് കൂടെ പോന്നു എന്നതിലുപരി ഒന്നും അവർക്ക് അവനെ പറ്റി അറിയാമായിരുന്നില്ല. സാബത്ത് ദിവസം ബത് സയ്ദ കുളക്കരയിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയപ്പോൾ യഹൂദരുടെ വിമർശനത്തിന് നൽകിയ മറുപടിയാണ് അവർക്ക് യേശുവിനെതിരെ ഗൂഢാലോചന നടത്താൻ കാരണമായത്. യേശു പറഞ്ഞ മറുപടി ഇപ്രകാരമാണ്, എന്റെ പിതാവ് എപ്പോഴും പ്രവർത്തന നിരതനായപോലെ ഞാനും പ്രവർത്തിക്കുന്നു. തന്റെ ശിഷ്യന്മാർക്കും തന്നെ അനുഗമിച്ചവർക്കും യേശു സ്വയം വെളിപ്പെടുത്തിയ സമയത്ത് പറഞ്ഞ വചനം ആണിത്. ആദ്യമായി ദൈവത്തെ സ്വന്തം പിതാവായി സ്വയം വെളി പെടുത്തുകയാണ് ഇവിടെ. ഇന്ന് യോഹന്നാന്റെ സുവിശേഷത്തിൽ നമ്മൾ വിചിന്തനം ചെയ്യുന്നത് പിതാവും പുത്രനും തമ്മിലുള്ള ആത്മ ബന്ധം ആണ്. ഈ വചനഭാഗത്ത് മൂന്നുപ്രാവശ്യം ആവർത്തിച്ച് ക്രിസ്തു നാഥൻ പറയുന്നുണ്ട്, സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. യേശുവും പിതാവും ആയുള്ള ഗാഢ ബന്ധത്തെ ഉറപ്പിക്കുന്നതാണ് ഈ മൂന്നുപ്രാവശ്യത്തെയും വചനങ്ങൾ. താൻ സ്വന്തം ഇഷ്ടമനുസരിച്ച് അല്ല പ്രവർത്തിക്കുന്നത് എന്നും ഇതിനെല്ലാം കാരണക്കാരൻ ആയ ഒരു പിതാവ് അവന് ഉണ്ട് എന്നും അവൻ മറഞ്ഞിരിക്കുന്നവൻ ആണെന്നും, ആ മറഞ്ഞിരിക്കുന്നവൻ തന്റെ പിതാവാണെന്നും അസന്ദിഗ്ദ്ധമായി ക്രിസ്തുനാഥൻ വെളിപ്പെടുത്തുകയാണ് ഇവിടെ.

ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ നിലകൊള്ളുന്ന ഒരു മഹത്തായ രഹസ്യം ക്രിസ്തുവും സ്വർഗ്ഗസ്ഥനായ പിതാവും തമ്മിലുള്ള ബന്ധമാണ്. ഈ ബന്ധം ഒരു സാധാരണ പിതാവും പുത്രനും തമ്മിലുള്ള ബന്ധം മാത്രമല്ല. അത് ദൈവത്തിന്റെ ഉള്ളിലുള്ള സ്നേഹവും ഐക്യവും വെളിപ്പെടുത്തുന്ന ദിവ്യ സത്യമാണ്. ക്രിസ്തുപിതാവിനെ 'ആബ്ബാ' എന്നു വിളിച്ചപ്പോൾ അത് ഒരു ഔപചാരിക ദൈവബന്ധം മാത്രമല്ല, മറിച്ച് ഏറ്റവും സ്നേഹ പൂർണ്ണമായ ബന്ധമാണെന്ന് കാണിക്കുന്നു. പിതാവും ആയിട്ടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ഉറപ്പിക്കുന്നതാണ് ഈ വചനഭാഗത്ത് ആവർത്തിച്ചു മൂന്നു പ്രാവശ്യം സത്യം സത്യമായി ഞാൻ

നിങ്ങളോട് പറയുന്നു എന്ന് ആവർത്തിച്ച് പറയുന്നത്. കിസ്തു നാഥനും, സ്വർഗ്ഗസ്ഥനായ പിതാവുമായുള്ള ബന്ധത്തിന്റെ ഉറപ്പ് ശിഷ്യന്മാർക്കും, ജനങ്ങൾക്കുമീ വെളിപെടുത്തുകയാണ്. ഞാൻ പ്രവർത്തിക്കുന്നത് എന്റെ പിതാവിന്റെ ഇഷ്ടമനുസരിച്ചാണെന്ന് ബോധ്യപെടുത്തുകയാണ്. ക്രിസ്തുവും പിതാവും തമ്മിലുള്ള ബന്ധം ഒരു ദൈവശാസ്ത്ര സിദ്ധാന്തം മാത്രമല്ല, മറിച്ച് ഓരോ വിശ്വാസിയുടെയും ജീവിതത്തെ രൂപപ്പെടുത്തുന്ന സജീവ സത്യമാണ്

ജീവന്റെ ഉയിർപ്പും, ശിക്ഷാവിധിയുടെ ഉയിർപ്പും...

രോഗികളെ സുഖപ്പെടുത്തിയതും അപ്പം വർദ്ധിപ്പിച്ചതും വെള്ളം വീഞ്ഞാക്കിയതും ഒക്കെ സാധാരണക്കാരായ ജനങ്ങൾക്ക് മനുഷ്യ ബുദ്ധിയിൽ മനസ്സിലാക്കുന്നതിന് വേണ്ടി മാത്രം പ്രവർത്തിച്ചതാണെന്നും ജനങ്ങളെ വിസ്മയിപ്പിക്കുന്ന വിധം ഇനിയും പിതാവ് തന്നിലൂടെ പ്രവർത്തിക്കുന്നു എന്നും അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ് ഈ സുവിശേഷ വചനങ്ങളിലൂടെ. ഈ അത്ഭുതവിദ്യകളൊന്നും അവരുടെ കഠിനമായ മനസ്സിനെ മാറ്റുകയില്ലെന്ന് യേശുവിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് ജീവന്റെ ഉയർപ്പിനെക്കുറിച്ചും ശിക്ഷാവിധിയുടെ ഉയർപ്പിനെ കുറിച്ചും ക്രിസ്തുനാഥൻ ഇവിടെ പറയുന്നത്. മരിച്ചവരെ ഉയർപ്പിക്കാൻ പിതാവായ ദൈവത്തിനു മാത്രമേ കഴിയുള്ളൂ എന്നും എന്നാൽ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നൽകാൻ സാധിക്കും എന്ന ഉറപ്പു നൽകാൻ യേശു ഈ വചനങ്ങളുടെ ശ്രമിക്കുന്നുണ്ട്. മരണത്തിൽ നിന്ന് ജീവനിലേക്ക് പ്രവേശിക്കണമെങ്കിൽ യേശുവിന്റെ വചനം കേൾക്കുകയും അവനെ അയച്ച പിതാവിനെ വിശ്വസിക്കുകയും ചെയ്യണമെന്ന് ഈ വചനഭാഗത്ത് അവിടുന്ന് ആവർത്തിച്ചു പറയുന്നു. ഈ അത്ഭുതങ്ങളും അടയാളങ്ങളും കണ്ടു വിശ്വസിക്കുന്നതിനേക്കാൾ അവിടുത്തെ വചനങ്ങൾ അനുസരിച്ച് ജീവിക്കാനുള്ള ഒരു ഉപദേശമാണ് തന്റെ ജനത്തിന് അവിടുന്ന് നൽകുന്നത്. വിധിക്കാനുള്ള അധികാരം പുത്രനെ ഏൽപ്പിച്ചിരിക്കുന്നു എന്നും പുത്രന്റെ വചനമനുസരിച്ച് ജീവിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുമെന്നും അല്ലാത്തവർക്ക് ശിക്ഷാവിധി ഉണ്ടാകും എന്നും ഇവിടെ ഓർമ്മപ്പെടുത്തുകയാണ്

ജഡികാഭിലാഷവും ആത്മീയാഭിലാഷവും

ശരീരത്തിന്റെ പ്രവണതകൾക്ക് അനുസരിച്ച് ജീവിക്കാതെ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുന്നവർക്ക് ശിക്ഷാവിധി ഇല്ല. വിശുദ്ധ പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നത് യേശു ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കാനാണ്. ജഡിക കാര്യങ്ങളിൽ മനസ്സുവെക്കുന്നവൻ ജഡികമായി ജീവിക്കുന്നു. നന്മ ചെയ്യാനുള്ള പ്രവണത ആത്മീയ അഭിലാഷവും തിന്മ ചെയ്യാനുള്ള പ്രചോദനം ജഡികാഭിലാഷവും ആണ്. ജഡികാഭിലാഷമനുസരിച്ച് ജീവിക്കുന്നവർക്ക് ദൈവത്തെ പ്രസാദിപ്പി സാധ്യമല്ല. അതുകൊണ്ടാണ് സുവിശേഷത്തിലും ലേഖനത്തിലും ആവർത്തിച്ചു പറയുന്നത്, 'അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയർപ്പിനായും പുറത്തുവരും.'

(റിട്ട. ബി ഡി ഒ യും സാമൂഹ്യ പ്രവർത്തകയും ആണ് ലേഖിക)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com